Circular No. 133
Death Centenary
of Mar Makil

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 18-05-2013

പ്രിയ ദൈവജനമേ,

ക്നാനായ ജനതയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ച മുന്നിൽ കണ്ട് "ദൈവമാകുന്നു എന്റെ പ്രത്യാശ" എന്ന ആപ്തവാക്യം നെഞ്ചിലേറ്റിയ കോട്ടയം വികാരിയാത്തിന്റെ പ്രഥമ മെത്രാൻ ദൈവദാസൻ മാക്കീൽ പിതാവിന്റെ ചരമശതാബ്ദി ഈ വർഷം നാം ആചരിക്കുകയാണ്. കോട്ടയം രൂപതയെ സംബന്ധിച്ചിടത്തോളം അതിന്റെ രൂപീകരണത്തിലും വളർച്ചയിലും നിലനിൽപ്പിലും പിതാവ് നൽകിയ നേതൃത്വം അതുല്യമാണ്. വന്ദ്യപിതാവിന്റെ ചരമശതാബ്ദി വർഷത്തിൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ദർശനവും ജീവിതശുദ്ധിയും വിശ്വാസ ജീവിതത്തിൽ കൂടുതൽ ആഴപ്പെടുവാൻ നമ്മെ സഹായിക്കുമെന്ന് ഞാൻ കരുതുന്നു.

മാക്കീൽ പിതാവിന്റെ വിശുദ്ധി നിറഞ്ഞ ജീവിത സാക്ഷ്യമാണ് 1896 ൽ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായി പിതാവിനെ നിയമിക്കുവാൻ പതിമൂന്നാം ലിയോ മാർപ്പാപ്പയെ പ്രേരിപ്പിച്ചത്. 15 വർഷക്കാലം ചങ്ങനാശ്ശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായി സേവനം ചെയ്യുകയും 1911 ഓഗസ്റ്റ് 29-ാം തീയതി കോട്ടയം വികാരിയാത്തിന്റെ പ്രഥമ മെത്രാനായി നിയമിതനാകുകയും ചെയ്തു. സഭാഭരണം സുഗമമാക്കുന്നതിനായി ഒരു നിയമസംഹിത (ദെക്രേത്ത് പുസ്തകം) അദ്ദേഹം രൂപപ്പെടുത്തുകയും അത് പിന്നീട് സീറോ മലബാർ സഭയുടെ നിയമസംഹിത രൂപീകരണത്തിൽ മൂലഗ്രന്ഥമായിത്തീരുകയും ചെയ്തു. സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും ആത്മീയദർശനം നൽകിയ ആത്മീയ ആചാര്യനായിരുന്ന മാക്കീൽ പിതാവ് 1914 ജനുവരി 26 ന് തന്റെ 63-ാം വയസ്സിൽ ദൈവപിതാവിന്റെ സന്നിധിയിലേയ്ക്ക് യാത്രയായി.

വിശുദ്ധിയും വിജ്ഞാനവും കൈമുതലായ വ്യക്തിക്ക് മാത്രമേ സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കൂ എന്നദ്ദേഹം വിശ്വസിച്ചിരുന്നു. കുടുംബങ്ങളുടെ വളർച്ചയാണ് സഭയുടെയും സമൂഹത്തിന്റെയും വളർച്ചയെന്ന് തിരിച്ചറിഞ്ഞ പിതാവ് കുടുംബത്തിന്റെ നിർമ്മിതിയിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണെന്ന് മനസ്സിലാക്കി സ്ത്രീ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുവാൻ ശ്രദ്ധിച്ചു. വിസിറ്റേഷൻ സമൂഹത്തിന്റെ സ്ഥാപനം ഈ ലക്ഷ്യം മുൻനിർത്തിയായിരുന്നു. സമുദായം ഇന്ന് നേടിയിട്ടുള്ള പുരോഗതിയ്ക്ക് മുഖ്യപങ്ക് വഹിച്ചത് പിതാവിന്റെ ഈ ദർശനമാണ്.

ദൈവദാസൻ മാക്കീൽ പിതാവിന്റെ ചരമശതാബ്ദി ആചരിക്കുമ്പോൾ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ഇടയ്ക്കാട്ട് ഫൊറോന പള്ളിയിൽ അദ്ദേഹത്തിന്റെ കബറിടം സന്ദർശിക്കുവാനും മാദ്ധ്യസ്ഥം അപേക്ഷിക്കുവാനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ഏവരേയും പ്രത്യേകം ക്ഷണിക്കുന്നു. നാം അറിയുന്ന, നമ്മെ സ്നേഹിച്ച വന്ദ്യപിതാവ്, സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ നമുക്ക് വേണ്ടി മാദ്ധ്യസ്ഥം യാചിക്കുമെന്ന് ഉറപ്പായി വിശ്വസിക്കാം. ബഹുമാനപ്പെട്ട വികാരിമാരുടെ നേതൃത്വത്തിൽ പ്രത്യേകമായി തീർത്ഥാടനങ്ങൾ സംഘടിപ്പിച്ച് ദൈവജനത്തിന്

പിതൃസന്നിധിയിലണയുവാനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും അവസരങ്ങൾ ഒരുക്കുമല്ലോ. കൂടാതെ എല്ലാശനിയാഴ്ചകളിലും പ്രത്യേകമായി എല്ലാമാസവും രണ്ടാം ശനിയാഴ്ചകളിലും വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഇടയ്ക്കാട്ട് പള്ളിയിൽ നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനകളിൽ പങ്കു ചേരുവാനും പ്രോത്സാഹിപ്പിക്കണം.

ശതാബ്ദി സമാപന ചടങ്ങുകൾ 2014 ജനുവരി 18 മുതൽ 26 വരെ ഇടയ്ക്കാട്ടു വച്ചു വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നതാണ്. ജനുവരി 25-ാം തീയതി രാവിലെ മുതൽ സിമ്പോസിയവും ഉച്ചകഴിഞ്ഞ് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ആലഞ്ചേരിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹബലിയും നടത്തപ്പെടുന്നതാണ്. ചരമശതാബ്ദി ആചരണത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി നമ്മുടെ വികാരി ജനറാൾ പെ.ബ. മാത്യു ഇളപ്പാനിക്കലച്ചന്റെ നേതൃത്വത്തിലുള്ള ഒരു കമ്മറ്റി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കമ്മറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ശതാബ്ദി ആചരണം ഏറ്റവും അനുഗ്രഹീതമാക്കാൻ നമുക്കേവർക്കും പരിശ്രമിക്കാം.

വിശ്വാസവർഷത്തിലൂടെ കടന്നു പോകുന്ന നമുക്ക് മാക്കീൽ പിതാവിന്റെ വിശ്വാസ ചൈതന്യവും സഭാസ്നേഹവും ജീവിതവിശുദ്ധിയും അനുകരിക്കാനും അദ്ദേഹത്തിന്റെ പ്രബോധനങ്ങൾക്കനുസൃതമായി ജീവിച്ച് വിശുദ്ധിയിലേയ്ക്ക് വളരാനുമുള്ള അവസരമായി ശതാബ്ദി വർഷത്തെ മാറ്റാം. വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം വഴി ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**N.B. :** ഈ സർക്കുലർ 2013 ജൂൺ 9-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി.കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.